കാസർഗോഡ് ഡിവിഷനിൽ ശ്രീ. ടി.ടി.കെ. ദേവസ്വം ഗ്രൂപ്പിൽപ്പെട്ട ക്ഷേത്രങ്ങളിലെ അസമത്വം സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷന് ലഭിച്ച പരാതിയിന്മേൽ കാസർഗോഡ് അസിസ്റ്റന്റ് കമ്മീഷണർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി.ടി.കെ. ദേവസ്വം ഗ്രൂപ്പിൽപ്പെട്ട ശ്രീ. തളിപ്പറമ്പ് രാജരാജേശ്വര ക്ഷേത്രത്തിൽ മനുഷ്യാവകാശങ്ങൾ ലംഘിച്ചുകൊണ്ട് അസമത്വങ്ങൾ നടന്നുവന്നിട്ടുള്ളതായി പ്രസ്തുത റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ അയിത്തോച്ചാടന നിയമം അനുസരിച്ച് ക്ഷേത്രങ്ങളിൽ യാതൊരുവിധ അസമത്വങ്ങളും വച്ചുപുലർത്താൻ പാടില്ലെന്നും കുറ്റം ചെയ്യുന്നവർക്കെതിരെ കർശനനടപടികൾ സ്വീകരിക്കുന്നതാണെന്നും മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ ക്ഷേത്ര ജീവനക്കാർക്ക് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്.

കുളങ്ങളുടേയും ചിറകളുടേയും സംരക്ഷണം

8 (*638) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കുളങ്ങളും ചിറകളും സംരക്ഷിക്കുന്നതിന് ജലവിഭവ വകുപ്പിനുകീഴിൽ ഏതൊക്കെ പദ്ധതികളാണ് ഉള്ളത് എന്നതിന്റെ വിശദവിവരം നല്കുമോ ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ദേവാലയങ്ങൾ എന്നിവയുടെ കീഴിലെ കുളങ്ങൾ നവീകരിക്കുന്നതിനോ സംരക്ഷിക്കുന്നതിനോ പ്രത്യേക പദ്ധതികൾ നിലവിലുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) സംസ്ഥാനത്ത് ശുദ്ധജലാവശ്യത്തിന് ഉപയോഗപ്പെടുത്താവുന്ന എത്ര കുളങ്ങളും ചിറകളും ഉണ്ടെന്നതിന്റെയും ഓരോന്നിന്റെയും സംഭരണ ശേഷിയും സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതു സംബന്ധിച്ച വിവരശേഖരണം നടത്താൻ നിർദ്ദേശം നൽകുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) കുളങ്ങളുടെയും ചിറകളുടെയും പുനരുദ്ധാരണവും നവീകരണവും ലക്ഷ്യമിട്ട് ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി, 13-ാം ധനകാര്യ കമ്മീഷൻ ധനസഹായത്തോടെയുള്ള പദ്ധതികൾ, നബാർഡ് (ആർ.ഐ.ഡി.എഫ്.) ധനസഹായത്തോടെയുള്ള പദ്ധതികൾ എന്നിവ ധനലഭ്യതയനുസരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ കുടിവെള്ള വിതരണത്തിനായുള്ള സ്രോതസ്സുകളായി ഉപയോഗിക്കാവുന്ന കുളങ്ങളും മറ്റും പുനരുദ്ധരിക്കുന്നതിനുള്ള പണികൾ വാട്ടർ അതോറിറ്റിയും നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്നതനുസരിച്ച് കുളങ്ങളുടെ നവീകരണപ്രവർത്തനങ്ങൾ ഏറ്റെടുക്കാറുണ്ട്. എന്നാൽ ദേവാലയങ്ങൾക്ക് കീഴിലുള്ള കുളങ്ങൾ നവീകരിക്കുന്നതിനായി പ്രത്യേക പദ്ധതികൾ നിലവിലില്ല.

(സി) സംസ്ഥാനത്ത് ശുദ്ധജലാവശ്യത്തിന് ഉപയോഗപ്പെടുത്തുന്ന കുളങ്ങളും ചിറകളുമുണ്ട്. എന്നാൽ അവയുടെ കൃത്യമായ കണക്കും സംഭരണശേഷിയും സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടില്ല. കുളങ്ങളുടെയും ചിറകളുടെയും സ്ഥിതിവിവര കണക്കുകൾ എടുക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

സർക്കാർ ആശുപത്രികളിൽ മരുന്ന് ലഭ്യത ഉറപ്പുവരുത്താൻ നടപടി

9 (*639) ശ്രീ. എം. ഉമ്മർ :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആശുപത്രികളിലേക്കുള്ള മരുന്ന് വിതരണത്തിൽ സുതാര്യത പാലിക്കാനും ആവശ്യാനുസരണം മരുന്ന് ലഭ്യത ഉറപ്പാക്കാനും എന്തൊക്കെ മുൻകരുതൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) മരുന്നുകളുടെ വിനിയോഗം കാര്യക്ഷമമായി നടത്തുന്നതിനും സ്റ്റോക്ക് കാലാവധിക്കകം ഉപയുക്തമാക്കുന്നതിനും ഫെഫോ (ഫസ്റ്റ് എക്സ്പയറി ഫസ്റ്റ് ഔട്ട്) സമ്പ്രദായം എവിടെയെല്ലാം ഏർപ്പെടുത്തിയിട്ടുണ്ടെന്നും അവ കൃത്യമായി പാലിക്കപ്പെടുന്നുണ്ടോയെന്നും വ്യക്തമാക്കുമോ ;

(സി) ഡേറ്റ് എക്സ്പയറി ആകുന്ന മരുന്നുകൾക്ക് പകരം മരുന്നുകൾ യഥാസമയം ലഭിക്കുന്നു എന്നുറപ്പുവരുത്താനുള്ള മുൻകരുതലുകളെന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) 2013-ൽ എന്ത് തുകയ്ക്കുള്ള മരുന്നുകൾ ഡേറ്റ് എക്സ്പയറി യുടെ പേരിൽ സ്റ്റോക്കിൽ കുറവ് വരുത്തിയിട്ടുണ്ട് ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) സംസ്ഥാന ആരോഗ്യ വകുപ്പിൽനിന്നും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽനിന്നും വാർഷിക ഇൻഡന്റ് ലഭിച്ച ഉടൻതന്നെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഡയറക്ടർ ബോർഡിന്റെ അനുമതിയോടെ 28-1-2014-നുതന്നെ 2014-15 സാമ്പത്തിക വർഷത്തേക്കുള്ള മരുന്നുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായുള്ള ടെണ്ടർ ക്ഷണിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly